## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4824 — 22/03/2018-ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളുടെ ആധുനികവത്ക്കരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. വിൻസെന്റ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ മേഖലയുടെ ആധുനിക വത്ക്കരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിവരിക്കമോ; | (എ) | സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഏകദേശം 35% പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും 45 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിലേയ്ക്കായി പദ്ധതി ചെലവിന്റെ 90% അല്ലെങ്കിൽ 10 ലക്ഷം രൂപ ഏതാണോ കറവ് ടി തുക കോർ ബാങ്കിംഗിന് സർക്കാർ ധനസഹായമായി അനുവദിക്കുന്നുണ്ട്. മൊത്തം ധനസഹായത്തിന്റെ 50% വായ്പയായും 20% ഓഹരിയായും 20% സബ്സിഡിയുമായിട്ടാണ് തുക അനുവദിക്കുന്നത്.<br><br>പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി 25 കോടി രൂപ സർക്കാർ 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ കീഴിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും ആധുനികവൽക്കരണത്തിനായി ഓഹരി, വായ്പ, സബ്സിഡി സഹായം നൽകുവാനായി 2017-18 വർഷം 150 ലക്ഷം രൂപയും 2018-19 വർഷത്തേക്ക് 170 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>2017-18 സാമ്പത്തികവർഷത്തിൽ നാളിതുവരെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനായി 141.929 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപ ഓഹരിയായും, 305.6875 ലക്ഷം രൂപ വായ്പയായും, 141.655 ലക്ഷം രൂപ സബ്സിഡിയായും ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ആധുനികവത്ക്കരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി എൻ.സി.ഡി.സി. മുഖേനയും ധനസഹായം അനുവദിച്ച വരുന്നു. |
| (ബി) | സഹകരണ ബാങ്കുകളെ വാണിജ്യാടിസ്ഥാനത്തിൽ പുത്തൻ തലമുറ ബാങ്കുകളുമായി കിടപിടിക്കുന്ന വിധം സജ്ജമാക്കുവാൻ ശ്രമിക്കുമോ; | (ബി) | സഹകരണ ബാങ്കുകളെ വാണിജ്യാടിസ്ഥാനത്തിൽ പുത്തൻ തലമുറ ബാങ്കുകളുമായി കിടപിടിക്കുന്ന വിധം സജ്ജമാക്കുവാനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, ആർ.ടി.ജി.എസ്, ഇന്റർനെറ്റ് ബാങ്കിംഗ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്ന നടപടി സ്വീകരിച്ച വരുന്നു.<br><br>സംസ്ഥാന സഹകരണ ബാങ്കിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഡയറക്ട് മെമ്പർഷിപ്പ് ലഭിച്ച ഇടുക്കി, കോഴിക്കോട് ജില്ലാ സഹകരണ ബാങ്കുകളിൽ മൊബൈൽ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ